LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 217 ഓളം പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ സുപ്രധാന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എല്ലാത്തിനും പ്രവർത്ത നാരംഭത്തിനായി സാങ്കേതികാനുമതിയുടെ ആവശ്യമില്ല. 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ 94-ഓളം പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും, അതിൽ 26-ഓളം പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.*

(സി&ഡി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ പ്രവർത്തന പുരോഗതി മന്ത്രിതല യോഗങ്ങളിൽ വിലയിരുത്തപ്പെട്ടിട്ടില്ല എന്നാൽ മാസംതോറും നടത്താറുള്ള സെക്രട്ടറിമാരുടെ കോൺഫറൻസിൽ നിർവ്വഹണത്തിന്റെ തത്സഥിതി ഒരു കാര്യപരിപാടിയായി ഉൾപ്പെടുത്തി അവലോകനം ചെയ്യുവരുന്നുണ്ട്.

നടപ്പ് സാമ്പത്തികവർഷത്തെ നികുതി വരുമാനം സംബന്ധിച്ച്

143 (489) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലക്ഷ്യമിട്ട നികുതി വരുമാനം എത്ര കോടിയായിരുന്നു ; ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ലഭിച്ച നികുതി വരുമാനം എത്ര ; ഇനം തിരിച്ച് വെളിപ്പെടുത്താമോ ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം വർദ്ധനവുണ്ടായി ;

(സി) ഏതെല്ലാം മേഖലകളിൽ നിന്നാണ് പ്രധാനമായും നികുതി വരവിൽ കുറവുണ്ടായിട്ടുള്ളത് ; ആയതിന്റെ പ്രമുഖ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ&ബി) നടപ്പ് സാമ്പത്തികവർഷം വിവിധ നികുതിയിനങ്ങളിൽ ലക്ഷ്യമിട്ട തുകയുടെയും അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി മാസം വരെ ലഭിച്ച യഥാർത്ഥ തുകയുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 2015 ജനുവരി മാസം വരെയുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ മുദ്രപത്രവും രജിസ്ട്രേഷനും, സംസ്ഥാന എക്സൈസ്, കാർഷികാദായ നികുതി എന്നീ ഇനങ്ങളിൽ മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലേതിനേക്കാൾ കുറവ് നികുതിയാണ് ലഭിച്ചത്. കാർഷിക-നാണ്യ വിളകൾക്കുണ്ടായ വിലയിടിവും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണത്തിൽ വന്ന കുറവും സർക്കാരിന്റെ മദ്യ നയത്തിലുണ്ടായ വ്യതിയാനവുമാണ് മേൽ നികുതി ഇനങ്ങളിൽ കുറവ് വരാനുള്ള പ്രധാന കാരണങ്ങൾ.

നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

144 (490) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നടപ്പു സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പ് അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു ;

(ഡി) നടപ്പു സാമ്പത്തിക വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു ; അതിൽ ഇതുവരെ ചെലവായ തുക വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്ക് കീഴിൽ അനുവദിച്ച തുക സംബന്ധിച്ച വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു.

(ബി-ഡി) നടപ്പു സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി പദ്ധതി യിനത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുൾപ്പെടെ വകയിരുത്തപ്പെട്ട തുക, 2015 ജനുവരി മാസംവരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly